# സാഹിത്യവാരഫലം

2001/12/07 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

2001/12/07-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

എതാണ്ട് പത്തു വർഷം മുൻപ് ഞാൻ മസ്കററിലേക്കു പോയപ്പോൾ കേരള സമാജത്തിന്റെ പ്രവർത്തകരും അതിന്റെ പ്രസിഡന്റായ സി. എൻ. പി. നമ്പൂതിരിയും എനിക്ക് ഏർപ്പാടു ചെയ്തുതന്നത് വലിയ ഹോട്ടലായിരുന്നു. ആ ഹോട്ടലിലെ വലിയ മുറി. എല്ലാ സൗകര്യങ്ങളുമുണ്ട്. മദ്യപനാണ് താമസക്കാരനെങ്കിൽ ഷെൽഫിലേയ്ക്ക് ഒന്നു നോക്കുകയേ വേണ്ടൂ. വില കൂടിയ എല്ലാ മദ്യങ്ങളുമുണ്ട്. ഷീവാസ് റീഗൽ, സ്കോച്ച് വിസ്കി, അങ്ങനെ പലതും. എങ്കിലും പ്രാതലിന് പ്രാധാന്യമില്ല ഹോട്ടലിൽ.

ചില കവികൾക്ക് ഒരു പരിധി വിട്ട് അപ്പുറം പോകാനൊക്കുകയില്ല. അങ്ങനെയൊരു കവിയാണ് ഒ.എൻ.വി.

കാലത്തു ചെന്നാൽ കോൺഫ്ലേക്സ് പാലിലിട്ടു തരും. അല്ലാതെ വേറൊന്നുമില്ല. ഗത്യന്തരമില്ലാതെ ഈ കോൺഫ്ലേക്സും പാലും ഒരാഴ്ചയോളം രാവിലെ ഞാൻ അകത്താക്കി. ഞാൻ ഭക്ഷണമുറിയിൽ ചെല്ലുമ്പോൾ ഒരമേരിക്കക്കാരനും എത്തും. ഞങ്ങൾ തമ്മിൽ ആദ്യമായി കാണുകയാണ്. എങ്കിലും സായ്പ് വിനയത്തോടെ തലകുനിക്കും. ആകർഷകമായ രീതിയിൽ പുഞ്ചിരി പൊഴിക്കും. എന്തുമുണ്ടാവും ഈ തലകുനിക്കലും പുഞ്ചിരിയിടലും. അതു കാണുമ്പോൾ സായ്പിന്റെ സംസ്കാരസവിശേഷത എന്റെ സമീപത്തെത്തും. അതിന്റെ ഊഷ്മളതയിൽ ഞാൻ ആഹ്ലാദിക്കും. സായ്പ് തലകുനിക്കുകയും മന്ദസ്മിതം പൊഴിക്കുകയും ചെയ്യുന്നുവെന്ന് കരുതി അറബികളും അങ്ങനെ പ്രവർത്തിക്കുന്നുവെന്നു കരുതരുത്. അവർ നമ്മെ നോക്കുക പോലുമില്ല. നോക്കിയാൽത്തന്നെ ദേഷ്യഭാവത്തോടെയായിരിക്കും അതനുഷ്ഠിക്കുക. പെൺപിള്ളേരുടെ കാര്യം പറയാനുമില്ല. ഒരുത്തിയും നമ്മളെ അംഗീകരിക്കില്ല. പരിഗണിക്കില്ല. എന്നാൽ നേരെമറിച്ചാണ് നമ്മുടെ കേരളത്തിലെ സ്ഥിതി. അവർ മന്ദസ്മിതം പൊഴിക്കും. മരുന്നു കടയിലെ പടികൾ കയറാൻ ഞാൻ പ്രയാസപ്പെടുമ്പോൾ ബസ് കാത്തു നില്ക്കുന്ന എത്രയെത്ര പെൺകുട്ടികളാണ് എനിക്കു സഹായം നല്കുന്നത്. എന്റെ പേരക്കുട്ടികളോളം പ്രായമുള്ള അവർക്ക് ഞാൻ നന്ദി പറയും. അവരുടെ ബഹുമാനവും സ്നേഹവും എന്നെ വളരെനേരം ആവരണം ചെയ്യും. മഴക്കാലമാണെങ്കിൽ ആ വികാരങ്ങളുടെ ഊഷ്മളതയിൽ എന്റെ ശൈത്യം മാറും. ഇമ്മട്ടിൽ ചൂടു പകരുന്നതാണ് നല്ല കവിതകളും. ഇടപ്പള്ളി രാഘവൻ പിള്ളയുടെ കവിതകളാകെ വായിക്കു. അവ ഉൽപ്പാദിപ്പിക്കുന്ന സവിശേഷതയാർന്ന ലോകത്തിന്റെ ഒരു ഭാഗമായിത്തീരും നമ്മളെല്ലാം; എന്നെ സഹായിക്കുന്ന കുട്ടികൾ എന്റെ പേരക്കുട്ടികളാകുന്നതുപോലെ.



Henry VI

പക്ഷേ, ഒ.എൻ.വി. മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ 'അമേരിക്കയ്ക്ക് സസ്നേഹം' എന്ന കവിത നമുക്കു ഊഷ്മളത പകരുന്നില്ല. സായ്പിന്റെ മന്ദസ്മിതം എന്നെ അദ്ദേഹത്തിന്റെ സഹോദരനാക്കി മാറ്റുന്നതു പോലെ ഇക്കവിത എനിക്കു പരിവർത്തനം വരുത്തുന്നില്ല. എന്താണ് ഇതിനു കാരണം? അഫ്ഗാനിസ്ഥാനിൽ യുദ്ധം ചെയ്യുന്ന അമേരിക്കയെ പ്രത്യക്ഷമായും പരോക്ഷമായും നിന്ദിക്കുന്ന ഈ രചന ദുർബ്ബലമാണ്. സർവസാധാരണങ്ങളായ (common place) ആയ ചിന്തകളേ എല്ലാ വരികളിലുമുള്ളു. അവയെ വ്യഞ്ജനശൂന്യതയിൽ നിന്ന് ധ്വന്യാത്മകതയിലേക്ക് ഉയർത്തുന്ന കല്പനകൾ ഇവിടെയില്ല. കവി തന്നെ പ്രയോഗിച്ച് പ്രയോഗിച്ച് ക്ലീഷേയായിത്തീർന്ന 'ഗോതമ്പും' 'പൊന്നാര്യനും' 'കങ്കമപ്പൂവും' 'തൊടിയിലെ പൂക്കളും' മാത്രമേ അനുവാചകന്റെ വൈരസ്യം വർദ്ധിപ്പിക്കാൻ ഇവിടെയുള്ളു. ആവർത്തനം ആയുർവ്വേദത്തിലെ ചില ഔഷധങ്ങൾക്കു കൊള്ളാം. ക്ഷീരബല നൂറ്റൊന്നു തവണ ആവർത്തിച്ചത് എന്ന് പത്രത്തിൽ കണ്ടാൽ ആളുകൾ ഓടിച്ചെന്ന് അതു വാങ്ങും. പക്ഷേ, 'സ്വച്ഛനീലാകാശ'മെന്നു കേട്ടാൽ അവർ പിന്തിരിഞ്ഞ് ഓടുകയേയുള്ളു. ഞാൻ ഇനിയുമെഴുതുന്നില്ല. ചില കവികൾക്ക് ഒരു പരിധി വിട്ട് അപ്പുറം പോകാനൊക്കുകയില്ല. അങ്ങനെയൊരു കവിയാണ് ഒ.എൻ.വി. സുഗതകുമാരി നാല്പതു കൊല്ലത്തിലേറെയായി 'കൃഷ്ണാ നീയെന്നെ അറിയില്ല' എന്നു നിലവിളിക്കുന്നു. അതുപോലെ ഇമേജറിയുടെയും ആശയങ്ങളുടെയും ആവർത്തനങ്ങൾ ഒ.എൻ.വിയുടെ കവിതകളിലും കാണാം. അദ്ദേഹത്തിന്റെ ഉറവയും വററിക്കാണും.

## വിവരക്കേട്ട്

കമുകറയുടെ പാട്ട് ചിട്ടപ്പടിയുള്ളത്. ആചാര്യൻ പഠിപ്പിക്കുന്നതു പോലെ അദ്ദേഹം പാടുന്നു. യേശുദാസിന്റെ ഗാനം ഭാവനയുടെ സന്തതി.

റോമൻ ചക്രവർത്തിയായിരുന്ന ഹെൻട്രി ആറാമൻ വല്ലാത്ത ദുഷ്ടനായിരുന്നു. യുദ്ധത്തിൽ തോറ്റ രാജാവിനെ അയാൾ ഇരുമ്പ് സിംഹാസനത്തിൽ ഇരുത്തും. എന്നിട്ട് തീ കൊണ്ട് ആ സിംഹാസനം പഴുപ്പിക്കും. അതേസമയം ഇരുമ്പുകൊണ്ടുള്ള കിരീടവും അയാൾ red hot ആക്കും. ആ കിരീടം ഹെൻട്രി പ്രതിയോഗിയുടെ തലയിൽ വച്ചുകൊടുക്കും. സിസിലിയിലെ രാജ്ഞിയായിരുന്ന സിബിലയെ അയാൾ കാരാഗൃഹത്തിലാക്കി. അവരുടെ എട്ടു വയസ്സായ മകനെ വൃഷണച്ഛേദം ചെയ്തു. കണ്ണു പൊട്ടിച്ചു. ഇതിനെയാണ് ഇംഗ്ലീഷിൽ sadistic cruelty എന്നു പറയുന്നത്. ചരിത്രഗ്രന്ഥത്തിൽ പണ്ടെങ്ങോ ഞാൻ വായിച്ച ഈ സംഭവം ഇപ്പോൾ ഓർമ്മിച്ചത് എ. എം. മുഹമ്മദിന്റെ 'തകഴിയിലെ വെള്ളപ്പൊക്കത്തിൽ ഒഴുകി ഒഴുകി ഒരു മനസ്സ്' എന്ന റബ്ബിഷ് വായിച്ചതു കൊണ്ടാണ്. മുഹമ്മദ് സ്വന്തം വീട്ടിന്റെ മുൻവശത്തുള്ള റോഡിൽ കാലത്തിറങ്ങി നിൽക്കുന്നു. പലരെയും നോക്കുന്ന താല്പര്യത്തോടെ. വരുന്നവരൊക്കെ എട്ടു രൂപ ചെലവാക്കാൻ മടിയുള്ളവർ. എട്ടു രൂപ കൊടുത്ത് ചീരയോ പാവയ്ക്കയോ വാങ്ങിക്കൂടേ എന്നാണ് അവരുടെയെല്ലാം വിചാരം. കൂട്ടാൻ വച്ചു ചോറിനോടൊപ്പം കഴിച്ചാൽ ആരോഗ്യം കൂടും. ആ സംഖ്യ പറട്ടക്കഥകളുള്ള ആഴ്ചപ്പതിപ്പിനു വേണ്ടി എന്തിനു ചെലവാക്കണം. മുഹമ്മദ് വളരെ നേരം നിൽക്കുമ്പോൾ ഒരു ഹതഭാഗ്യൻ വരുന്നു. മുഹമ്മദ് തനിത്തിരുവനന്തപുരത്തുകാരനായി മാറുന്നു; "എന്തരടേ അവിടെ പേയുറിഞ്ചിയപോലെ നിൽക്കണ്. എട്ടു രൂപാ കൊടുത്ത് ഒരാഴ്ചപ്പതിപ്പ് വാങ്ങിക്കൊണ്ടു വാ. അതിലെ 42 പുറത്തു തുടങ്ങുന്ന കഥ വായിക്ക്. തലവേദന വരാതിരിക്കാൻ രണ്ട് നോവൽജിൻ ഗുളിക കൂടി വാങ്ങി നേരത്തെ കഴിച്ചോ." ഗുളികയും ആഴ്ചപ്പതിപ്പുമായി വരുന്ന ഭാഗ്യം കെട്ടവനെ ആഴ്ചപ്പതിപ്പെന്ന ഇരുമ്പു സിംഹാസനത്തിൽ മുഹമ്മദ് ബലാൽക്കാരം ചെയ്ത് ഇരുത്തുന്നു. സിംഹാസനം പഴുപ്പിക്കുന്നു. കിരീടവും താപരക്തമാക്കുന്നു. അല്ലെങ്കിൽ രക്തതപ്തമാക്കുന്നു (red hot). വായനക്കാരൻ കരിക്കട്ടയായി കിരീടവും ചൂടിയിരിക്കുന്നു സിംഹാസനത്തിൽ.


നരേന്ദ്ര പ്രസാദ്

ചെറുകഥ എന്ന രചനയുടെ തലക്കെട്ടിനു മുകളിൽ അച്ചടിച്ചിട്ടുണ്ടെങ്കിലും ഇതിൽ കഥയൊന്നുമില്ല. ആകെയുള്ളത് അന്യോന്യബന്ധമില്ലാത്ത കുറെ സംഭവങ്ങളാണ്. ആ സംഭവങ്ങളിൽ കുത്തിക്കൂട്ടി തിരുകുന്ന തകഴി ശിവശങ്കരപിള്ളയുടെ ചില വാക്യങ്ങളുണ്ട്. ഒടുവിൽ ശിവശങ്കരപിള്ള ഒരു പയ്യന്റെ കൈയിൽ മാമ്പഴം വച്ചു കൊടുക്കുന്നതു വർണ്ണിച്ചുകൊണ്ട് രചന അവസാനിപ്പിക്കുന്നു രചയിതാവ്. ഇങ്ങനെ വായന പീഡിപ്പിക്കുന്ന രചയിതാവിന്റെ നൃശംസതയ്ക്ക് കാരണം കാണേണ്ടത് പേര് അച്ചടിച്ചു കാണാനുള്ള അദ്ദേഹത്തിന്റെ കൗതുകത്തിലല്ല, തകഴിയെ ഒരു സ്ഥലത്ത് 'മഹാപ്രതിഭ' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ആ വിവരക്കേടിൽ കാരണം കാണുക പ്രിയപ്പെട്ട വായനക്കാർ.

### ചോദ്യം, ഉത്തരം

**ചോദ്യം:** നിങ്ങളുടെ വലിയ ആഗ്രഹമെന്ത്?

**ഉത്തരം:** കഥാകാരൻ ടി ആറിനെപ്പോലെ (ടി. രാമചന്ദ്രൻ) ബുദ്ധിമാനാകണം. അദ്ദേഹത്തെപ്പോലെ ശുദ്ധമനസ്കനും പരോപകാര തല്പരനുമാകണം. ഞാൻ അതൊന്നും അല്ലാത്തതുകൊണ്ട് ജീവിച്ചിരിക്കുന്നു ദീർഘകാലമായിട്ടും. ടി ആർ ബുദ്ധിമാനും ശുദ്ധമനസ്കനും പരോപകാര തല്പരനുമായതുകൊണ്ട് നേരത്തെ ഇവിടം വിട്ടുപോയി.

**ചോദ്യം:** നിങ്ങൾ ബഹുമാനിക്കുന്ന മലയാള സാഹിത്യനിരൂപകനാര്?

**ഉത്തരം:** നരേന്ദ്രപ്രസാദ്. നിരൂപണത്തിൽ സത്യസന്ധത പുലർത്തുന്നു അദ്ദേഹം.

**ചോദ്യം:** ഇയാഗോ ഒതല്ലോയെയും അദ്ദേഹത്തിന്റെ സഹധർമ്മിണിയെയും ചതിക്കുന്നതിനു മുൻപ് ആരായിരുന്നു?

**ഉത്തരം:** മലയാള സാഹിത്യകാരന്മാരുടെ പുസ്തകങ്ങൾ വാങ്ങി പബ്ലിഷ് ചെയ്യുന്ന പ്രസാധകനായിരുന്നു.

**ചോദ്യം:** Twinkle, twinkle little star എന്നു തുടങ്ങുന്ന നേഴ്സറി റൈം എഴുതിയതാര്?

**ഉത്തരം:** Jane Taylor

**ചോദ്യം:** സി.വി. രാമൻ പിള്ളയും ചന്തു മേനോനും— നിങ്ങൾ എന്തു പറയുന്നു?

**ഉത്തരം:** സി.വി. രാമൻ പിള്ളയുടെ പ്രതിഭ ചന്തു മേനോന് ഇല്ല, പക്ഷേ, ഒരു വ്യത്യാസം. ചന്തു മേനോന്റെ കഥാപാത്രങ്ങൾക്ക് ജീവനുണ്ട്. സി.വി. കഥാപാത്രങ്ങൾക്ക് ജീവൻ ഊതിക്കയറ്റുകയാണ്.

**ചോദ്യം:** കമുകറയുടെയും യേശുദാസിന്റെയും പാട്ടുകൾക്കുള്ള വ്യത്യാസമെന്ത്?

**ഉത്തരം:** കമുകറയുടെ പാട്ട് ചിട്ടപ്പടിയുള്ളത്. ആചാര്യൻ പഠിപ്പിക്കുന്നതു പോലെ അദ്ദേഹം പാടുന്നു. യേശുദാസിന്റെ ഗാനം ഭാവനയുടെ സന്തതി. The golden voice of this century എന്നു യേശുദാസിന്റെ ശബ്ദത്തെ വിശേഷിപ്പിക്കാം.

**ചോദ്യം:** അധാർമ്മികത്വം കണ്ടാൽ പ്രതിഷേധിക്കേണ്ടേ സാഹിത്യകാരൻ?

**ഉത്തരം:** പോളണ്ടിൽ കൽക്കരിക്കു ക്ഷാമം വന്നപ്പോൾ എല്ലാ കവികളും അതിനെക്കുറിച്ച് കവിതകളെഴുതി. കൽക്കരിയെക്കാൾ കറുത്ത കവിതകൾ ഏറെയുണ്ടായി. ചൈന നമ്മുടെ രാജ്യത്തെ ആക്രമിച്ചപ്പോൾ ഇവിടെയുള്ള കവികൾ ആ ആക്രമണത്തെ നിന്ദിച്ചു കവിതകൾ രചിച്ചു. അവ ചൈനീസ് ആക്രമണത്തെക്കാൾ നിന്ദ്യങ്ങളായിരുന്നു. അമേരിക്കൻ യുദ്ധത്തെ വേണമെങ്കിൽ നിന്ദിക്കൂ. പക്ഷേ, യുദ്ധത്തെക്കാൾ നിന്ദ്യമായിരിക്കരുത് കവിത.

## പുതിയ പുസ്തകം

പലകകൾ ചേർത്തു വച്ച് താൽകാലികമായി ഉണ്ടാക്കുന്ന കടയ്ക്ക് ബങ്ക് എന്നു പേര്. തിരുവനന്തപുരത്തെ പാളയം എന്ന സ്ഥലത്ത് അങ്ങനെയൊരു ബങ്ക് കടയുണ്ടായിരുന്നു. അതിൽ പഴയ പുസ്തകങ്ങൾ. ഓരോ പുസ്തകവും രത്നമാണ്. ഞാൻ ആ കടയുടെ മുൻപിൽ ചെന്ന് വളരെ നേരം നോക്കിക്കൊണ്ടു നിൽക്കും. പലതും വാങ്ങുകയും ചെയ്യും. ഒരുദിവസം The Banquet Years എന്ന പുസ്തകം അവിടെയിരിക്കുന്നതു കണ്ടു. താല്പര്യം ഒട്ടുമില്ലെന്ന് അഭിനയിച്ച് (ആ അഭിനയം കടയുടമസ്ഥനായ ശിവശങ്കരൻ നായരെ പറ്റിക്കാനായിരുന്നു) അതെടുത്ത് നോക്കി. Roger Shattuck എന്ന പ്രൊഫസർ എഴുതിയത്. ഞാൻ ബഹുമാനിക്കുന്ന ഹെർബർട്ട് റീഡിന്റെ അഭിപ്രായം കവറിൽ അച്ചടിച്ചിരിക്കുന്നു. A book which searches very deeply into the social and philosophic foundations of modern art and presents a theory that is at once comprehensive and convincing എന്ന് റീഡ് പറയുന്നത് വായിച്ചപ്പോൾത്തന്നെ തീരുമാനിച്ചു ആ പുസ്തകം അതിൽ പെൻസിൽ കൊണ്ടെഴുതിയ 21 രൂപ 30 പൈസയ്ക്ക് വാങ്ങണമെന്ന്. പരസ്യത്തിനു വേണ്ടി പ്രശംസിക്കുന്നവനല്ല റീഡ് എന്നെനിക്ക് അറിയാമായിരുന്നു. പക്ഷേ, പുസ്തകത്തിലുള്ള താല്പര്യം പുറത്തു കാണിച്ചില്ല. അതു തിരിച്ചു വച്ചിട്ടു വേറെ പലതും നോക്കി. അവസാനത്തിൽ 'ഞാൻ പോകുന്നു ശിവശങ്കരൻ നായരേ' എന്നു പറഞ്ഞു. അദ്ദേഹം 'ശരി' എന്നു മറുപടിയും തന്നു. എനിക്ക് പുസ്തകം വാങ്ങാതെ വരാനൊക്കുമോ? അതുകൊണ്ട് 'ഇത്രയും നിന്നതല്ലേ. എന്തെങ്കിലും വാങ്ങിക്കളയാം' എന്ന് ഉറക്കെപ്പറഞ്ഞിട്ട് പുസ്തകമെടുത്തു. 'എന്തുവേണം വില?' എന്ന് എന്റെ ചോദ്യം ശിവശങ്കരൻ നായരോട്. അദ്ദേഹം എന്നെക്കാൾ ബുദ്ധിയുള്ളയാൾ. ശിവശങ്കരൻ നായർ പറഞ്ഞു: "സാറിന് ആ പുസ്തകം ആവശ്യമുണ്ടെന്ന് എനിക്കറിയാം. അതിൽ എഴുതിയിരിക്കുന്ന 21 രൂപ 30 പൈസ തന്നാൽ പുസ്തകം കൊണ്ടുപോകാം. ഒരു പൈസ പോലും കുറച്ചുതരില്ല." ഞാൻ ആ വിലകൊടുത്ത് പുസ്തകം വാങ്ങി. അതിലെ 360 പുറങ്ങളും രണ്ടു ദിവസം കൊണ്ട് വായിച്ചു. 'ഉജ്ജ്വലം' എന്ന് പുസ്തകത്തിന്റെ അവസാനത്തെ താളിൽ എഴുതുകയും ചെയ്തു. പിന്നീട് ആ ഗ്രന്ഥകാരന്റെ മറ്റു പുസ്തകങ്ങൾ തേടി നടന്നു ഞാൻ. അദ്ദേഹത്തിന്റെ 'Proust's Binoculars', നേഷനൽ ബുക്ക് എവോർഡ് കിട്ടിയ 'Marcel Proust', ഇവ കരഗതങ്ങളായി. കഴിഞ്ഞ വർഷം ഷട്ടക്കിന്റെ 'Candor and Perversion' എന്നതു കിട്ടി. 'അത്യുജ്ജ്വലം' എന്നാണ് അതിന്റെ അവസാനത്തെ 389-ാമത്തെ പുറത്തിൽ എഴുതിയത്. വായിക്കുക. നോബൽ ലോറിയിറ്റായ നേഡീൻ ഗോർഡിമർ "Roger Shattuck's erudition is enviable and the brilliance of his discourse persuasive" എന്നു പറഞ്ഞത് "എത്ര ശരി"യെന്ന് നിങ്ങളിൽ ഓരോ വ്യക്തിയും പറയും എന്ന് എനിക്കുറപ്പുണ്ട്.



സാഹിത്യകൃതിയെക്കുറിച്ച് പറയാനുള്ളതൊക്കെ പറഞ്ഞു കഴിഞ്ഞാൽ, അതിനു ശേഷം പുതുതായി ഒന്നും പറയാനില്ലെന്നു വന്നാൽ ആ സാഹിത്യകൃതി മരണമടഞ്ഞുവെന്ന് കരുതിക്കൊള്ളണമെന്ന് ആരോ എഴുതിയിട്ടുണ്ട്. അത് സത്യമാണെങ്കിൽ സി വി രാമൻ പിള്ളയുടെ നോവലുകളും ചന്തു മേനോന്റെ നോവലുകളും മരിച്ചു എന്നു തീരുമാനിക്കാം. തകഴി ശിവശങ്കര പിള്ളയുടെയും പി കേശവദേവിന്റെയും നോവലുകളും ചെറുകഥകളും വൈദ്യുതി ശ്മശാനത്തിൽ എരിഞ്ഞു ചാമ്പലായിട്ട് കാലമെത്ര കഴിഞ്ഞു! വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ, ജി. ശങ്കരക്കുറുപ്പ് ഈ കവികളുടെ കൃതികളും മുകളിൽ പറഞ്ഞ മതമനുസരിച്ച് മരിച്ചവയായി പരിഗണിക്കാം. ഉള്ളൂരിന്റെ 'ഉമാകേരള'മെടുത്തു വച്ച് നൂതനമായി എന്തെങ്കിലും എഴുതാൻ പറ്റുമോ? അത് മനസ്സിലാക്കിയിട്ടാണ് എൻ. വി. കൃഷ്ണവാരിയർ വള്ളത്തോൾ കവിതയെ 'സ്റ്റൈലിസ്റ്റിക്സ് ടെക്നിക്കി'ലൂടെ അപഗ്രഥിക്കാൻ ശ്രമിച്ചത്. ആ യത്നം പരാജയപ്പെടുകയും ചെയ്തു. നിരൂപണം കൊണ്ടും വിമർശനം കൊണ്ടും ഉള്ളിലുള്ളതെല്ലാം വലിച്ചെടുക്കപ്പെട്ട വള്ളത്തോൾ കവിത സ്റ്റൈലിസ്റ്റിക്സ് കൊണ്ട് വീണ്ടും ഉള്ളടക്കമുള്ളതാകുമോ? എൻ. വി. കൃഷ്ണവാരിയരുടെ കളി മണ്ടൻ കളിയാണെന്ന് അക്കാലത്ത് ശൂരനാട്ടു കുഞ്ഞൻ പിള്ള എന്നോട് പറഞ്ഞു. എന്നാൽ എത്ര കോരിയെടുത്താലും ജലം മുകളിലേയ്ക്ക് ചാടുന്ന നീരുറവകളുണ്ട്. തോമാസ് മന്നിന്റെ 'മാജിക് മൗണ്ടൻ', മെർവിലിന്റെ 'മോബിഡിക്' ഇവ അത്തരം നീരുറവകളാണ്. പ്രൂസ്തിന്റെ 'In Search of Lost Time' എന്ന മാസ്റ്റർപീസ് വേറൊരു നീരുറവയാണ്. അതിനാലാണ് പ്രൂസ്തിന്റെ നോവലിനെക്കുറിച്ച് ആയിരത്തിലധികം നിരൂപണ ഗ്രന്ഥങ്ങളുണ്ടായിട്ടും ഷട്ടക്ക് 'Proust's Way' എന്ന പുസ്തകം കൂടി എഴുതിയത്. കഴിഞ്ഞ വർഷമാണ് (2000-ൽ) അത് പ്രസിദ്ധപ്പെടുത്തിയത്. ഞാനത് കഴിഞ്ഞയാഴ്ച വായിച്ചു തീർത്തു. മഹനീയമായ അനുഭവമായി ഞാൻ അതിനെ കാണുന്നു.

ചൈന നമ്മുടെ രാജ്യത്തെ ആക്രമിച്ചപ്പോൾ ഇവിടെയുള്ള കവികൾ ആ ആക്രമണത്തെ നിന്ദിച്ചു കവിതകൾ രചിച്ചു. അവ ചൈനീസ് ആക്രമണത്തെക്കാൾ നിന്ദ്യങ്ങളായിരുന്നു.

ഇത്തരം പുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെ സംഗ്രഹം നൽകാനാവില്ല. അപ്രധാനമായി ഒരു ഖണ്ഡിക പോലും കാണില്ല. അപ്പോൾ പിന്നെങ്ങനെ സംക്ഷേപിക്കും? കാലമാണ് പ്രൂസ്തിന്റെ പ്രധാനപ്പെട്ട വിഷയം. അതിനെക്കുറിച്ച് ഷട്ടക്ക് പറയുന്നത് എടുത്തെഴുതിക്കൊണ്ട് ഞാൻ ഈ പ്രതിപാദനം അവസാനിപ്പിക്കാം.

"It conveys above all a sense of time deeply penetrated and linked to itself in wide loops of recall and recognition. This approach lends weight to the order and pacing of events and endorses the conception of a story as basically linear, or perhaps circular like time itself. In recent years, however, a number of critics have taken up their cudgels to make the opposite case. When one has finished the novel, they contend, when one can hold its parts in the mind, its true character reveals itself as that of a single whole which stands free of temporal order and lies spread out before us in space, like a painting."

ചിത്രം പോലെ നോവൽ ശൂന്യപ്രദേശത്ത് പരന്നു കിടക്കുന്നത് കാണാൻ പ്രൂസ്തിന്റെ നോവൽ വായിക്കുക. ആ കാഴ്ചക്ക് സഹായിക്കും ഷട്ടക്കിന്റെ ഉത്കൃഷ്ടമായ നിരൂപണഗ്രന്ഥം. (Proust's Way, A field guide to In Search of Lost Time, Roger Shattuck, Allen Lane, The Penguin Press, pages 290.)


## ധീരത വേണം


റെബേക്കാ വെസ്റ്റ്

റെബേക്ക വെസ്റ്റ് (Rebecca West, 1892–1983) സീമോൻ ദെ ബോവ്വാറിനെപ്പോലെ (Simone de Beauvoir, 1908–1986) ഫിലോസഫർ അല്ലായിരിക്കാം. എങ്കിലും എനിക്കിഷ്ടം റെബെക്കാ വെസ്റ്റിന്റെ രചനകളാണ്. അവരുടെ "Black Lamb and Grey Falcon" എന്ന ഗ്രന്ഥം ഞാൻ എത്ര പരിവൃത്തി വായിച്ചിട്ടുണ്ടെന്ന് പറയാൻ വയ്യ. അതുപോലെ Nuremberg trialsനെക്കുറിച്ചുള്ള അവരുടെ "A Train of Powder" എന്ന പുസ്തകവും ഞാൻ എത്രയോതവണ വായിച്ചിട്ടുണ്ട്. ഇരുപതാം ശതാബ്ദത്തിലെ സുശക്തങ്ങളായ പുസ്തകങ്ങളാണ് ഇവ. World's No. 1 woman writer എന്നാണ് അവരെ വിളിച്ചിരുന്നത്. പക്ഷേ, സ്വഭാവവൈകല്യം അവരെ കുപ്രസിദ്ധയാക്കി. മകൻ പോലും അവരെ വെറുത്തു. മരിക്കുന്ന വേളയിൽ അവരെ ആരും തിരിഞ്ഞു നോക്കിയില്ല. ഇതുപോലെ ചീത്ത സ്ത്രീയായിരുന്നു ജോർജ്ജ് എല്യറ്റ് എന്ന പ്രതിഭാശാലിനി. അച്ഛനെ അവർ ധിക്കരിച്ചു. കാമുകനോടു കൂടി (അയാൾക്ക് വേറേ ഭാര്യയുണ്ടായിരുന്നു) വളരെക്കാലം താമസിച്ചു. ഒടുവിൽ തന്നെക്കാൾ ഇരുപതു വയസ്സു കുറഞ്ഞ ഒരു യുവാവിനോടായി അവരുടെ ലൈംഗികബന്ധം. ഏതു ദാമ്പത്യജീവിതവും തകർക്കാൻ ജോർജ്ജ് എല്യറ്റിന് മടിയില്ലായിരുന്നു. അടുത്ത വീട്ടുകാർക്ക് ശല്യമുണ്ടാകുന്ന രീതിയിൽ അവർ സ്വന്തം വീട്ടിൽക്കിടന്നു നിലവിളിക്കുമായിരുന്നു (ജോർജ്ജ് എല്യറ്റിന്റെ ജീവചരിത്രങ്ങൾ വായിച്ച ഓർമ്മയിൽ നിന്ന്). റെബേക്ക വെസ്റ്റും ജോർജ്ജ് എല്യറ്റും സുനിയതങ്ങളായ സാന്മാർഗ്ഗിക നിയമങ്ങൾ ലംഘിച്ച് പെരുമാറിയെങ്കിലും എനിക്ക് അവരോട് ഒരു തരത്തിലുള്ള ബഹുമാനമുണ്ട്. അത് അവരുടെ ധീരത കണ്ടിട്ടാണ്. നേരേ മറിച്ചാണ് എന്റെ സ്ഥിതി. ഭീരുത്വമാണ് എന്റെ സ്വഭാവത്തിന്റെ സവിശേഷത. എന്നോട് അപരാധം ചെയ്ത ആളിനോടു പോലും ഞാൻ മാപ്പു ചോദിക്കും.

ഈ ഭീരുത്വം കാണിച്ചുകൊണ്ട് ഞാൻ പ്രഭാഷണവേദിയിൽ കയറി നിന്ന് 'ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ' എന്ന ഗീതാശ്ലോകം ചൊല്ലുകയും ചെയ്യും. വീട്ടിൽ വന്നിരുന്ന്, ഒരു ദിവസമേ ജീവിക്കുന്നുള്ളുവെങ്കിലും ധീരതയോടെ ജീവിക്കണം എന്ന് വിചാരിക്കും. 'മലയാളനാട്ടി'ൽ ഈ കോളമെഴുതിക്കൊണ്ടിരുന്ന വേളയിൽ എസ്. കെ. നായരോട് പിണങ്ങി പലപ്പോഴും 'ഞാൻ ഇനി എഴുതുകയില്ല' എന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഉടനെ കൊല്ലത്തു നിന്ന് ഒന്നര മണിക്കൂർ കൊണ്ട് തിരുവനന്തപുരത്തെത്തി എന്നോട് അപേക്ഷിക്കും, കോളം മുടക്കരുതെന്ന്. ഞാൻ പരുക്കനായി പെരുമാറിയതു ശരിയായില്ല എന്നു പറഞ്ഞ് എസ്. കെ യോട് മാപ്പു ചോദിക്കും. കോളം മുടങ്ങാതെ എഴുതിക്കൊടുക്കുകയും ചെയ്യും. എന്റെ ഈ ഭീരുത്വം കണ്ട് എന്റെ മകൻ ഒരിക്കൽ എന്നെ ഉപദേശിച്ചു. "അച്ഛന് പണം വേണമെങ്കിൽ അപമാനം സഹിച്ചും എഴുതു. അല്ലാതെ 'നിറുത്തിയിരിക്കുന്നു കോളം' എന്നു പറഞ്ഞിട്ട് വീണ്ടും എഴുതരുത്. കോളം നിറുത്തിയെന്ന് മലയാളനാട്ടുകാരോട് പറഞ്ഞാൽ പിന്നെ ജന്മകാലം എഴുതരുത്." മകന്റെ ഈ ഉപദേശമനുസരിച്ച് എനിക്ക് ധീരതയോടെ കഴിയാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇനിയും ഞാൻ എന്നെ അപമാനിക്കുന്നവരോട്, അസഭ്യം പറയുന്നവരോട് മര്യാദയോടെ പെരുമാറും. വേണ്ടാത്ത സന്ദർഭത്തിൽ ആ കശ്മലന്മാരോട് മാപ്പു ചോദിക്കുകയും ചെയ്യും. റെബേക്ക വെസ്റ്റും ജോർജ്ജ് എല്യറ്റും ധീരവനിതകളായിരുന്നു. ആ ധീരത മലയാളം വാരികയിൽ 'വ്യതിയാനങ്ങൾ' എന്ന കഥയെഴുതിയ എൻ. കെ. കണ്ണൻ മേനോൻ കാണിച്ചെങ്കിൽ എന്നാണ് എന്റെ ആഗ്രഹം. കഥയെഴുതാൻ പ്രേരണയുണ്ടാകുമ്പോൾ കണ്ണൻ മേനോന് ആ പ്രേരണയോട് പറയാം. 'എനിക്കതിനു കഴിവില്ല, പ്രേരണേ അടങ്ങ്' എന്ന്. മലയാളം വാരികയിലെ ഇക്കഥയ്ക്ക് 'ആന്റിഡിലൂവിയൻ' സ്വഭാവമാണുള്ളത്. അച്ഛനമ്മമാരെ പണത്തിനു വേണ്ടി പീഡിപ്പിക്കുന്ന മകൻ ആത്മഹനനം നടത്തിപോലും. പ്ലോട്ട് ആന്റിഡിലൂവിയൻ, ആവിഷ്കാരരീതി ആന്റിഡീലൂവിയൻ (മഹാപ്രളയത്തിനുമുൻപുള്ളത്). ആത്മാവിന്റെ അഗാധതന്ത്രികളെ സ്പർശിക്കുന്നതാണ് സാഹിത്യം. അത് സൃഷ്ടിക്കാൻ കണ്ണൻ മേനോന് കഴിയുന്നില്ല.

## നിരീക്ഷണങ്ങൾ


ജോർജ്ജ് എല്യറ്റ്

1. സാഹിത്യജീവിതം ആരംഭിക്കുമ്പോൾ അസാധാരണമായ പ്രകാശം പ്രസരിപ്പിക്കുന്നവർ നേരത്തെ മരിക്കും. കീറ്റ്സ് 26-ാമത്തെ വയസ്സിൽ മരിച്ചു. ഷെല്ലി മുപ്പതാമത്തെ വയസ്സിലും. ആൻ ബ്രൊൻറേയ് (ബ്രൊന്റി എന്നും) ഇരുപത്തിയൊൻപതാമത്തെ വയസ്സിലും. അവരുടെ സഹോദരിമാരായ ഷാർലറ്റ്, എമിലി ഇവർ യഥാക്രമം 39 വയസ്സിലും 30 വയസ്സിലും ചരമമടഞ്ഞു. എഡ്ഗർ അലൻപോ നാല്പതാമത്തെ വയസ്സിലാണ് മരിച്ചത്. നമ്മുടെ ചങ്ങമ്പുഴ കൃഷ്ണപിള്ള യുവാവായിരിക്കെത്തന്നെ അന്തരിച്ചു. ഇടപ്പള്ളി രാഘവൻ പിള്ള ആത്മഹത്യ ചെയ്തില്ലെങ്കിലും നേരത്തെ പോകുമായിരുന്നെന്ന് എനിക്ക് തോന്നുന്നു. പ്രകൃതി നൽകുന്ന തേജസ്സ് ഇവരൊക്കെ ലോകത്തിന് ഉപകാരപ്രദമായ വിധത്തിൽ പ്രദർശിപ്പിക്കുന്നു. പിന്നെ അവരെക്കൊണ്ട് പ്രയോജനമില്ല. പ്രകൃതി അവരെ തിരിച്ചു വിളിക്കുന്നു. അത്രേയുള്ളൂ. നമ്മൾ അകാലചരമം എന്നുപറഞ്ഞ് ദുഃഖിക്കുന്നു.

2. പാൽകുളങ്ങര സരസ്വതിയമ്മ ഒരിക്കലും നല്ല കഥാകാരിയായി പ്രത്യക്ഷയായിട്ടില്ല, അവരുടെ വിരസങ്ങളായ രചനകളെല്ലാം സമാഹരിച്ച് പത്തായത്തിന്റെ മട്ടിൽ ഡി.സി. ബുക്ക്സ് പ്രസിദ്ധീകരിച്ചു, ഏതാനും മാസങ്ങൾക്കു മുൻപ്. പുസ്തകത്തിന്റെ 'കോർപ്യുലൻസ്' (തടിച്ച അവസ്ഥ) സരസ്വതിയമ്മയുടെ പ്രതിഭയും തമ്മിൽ ഒരു ബന്ധവുമില്ല.

3. ഫുട്ബോളിന്റെ വലിപ്പമുള്ള ഓറഞ്ച് വാങ്ങി തോട്ട് പൊളിച്ചു നോക്കുമ്പോൾ ഒരു മില്ലീമീറ്റർ നീളത്തിൽ പുളിച്ച സാധനം ഇതളെന്ന പേരിൽ അകത്തു കണ്ടാൽ നമുക്ക് എന്തു തോന്നും? എന്തു തോന്നുമോ അതുതന്നെയാണ് അവരുടെ പുസ്തകം കണ്ടപ്പോൾ എനിക്കും തോന്നിയത്. ഇപ്പോൾ കുറെ ഫെമിനിസ്റ്റുകൾ അവരെ പൊക്കിക്കൊണ്ടു നടക്കുന്നു. അതിലും കഥയില്ല. സരസ്വതിയമ്മ പുരോഗമനക്കാരിയായ ഫെമിനിസ്റ്റ് ആയിരുന്നില്ല.

4. പഞ്ഞിക്കെട്ടിൽ തീപിടിച്ചപോലെ അഗ്നിശോഭ പ്രസരിപ്പിക്കുന്ന മനസ്സ്, കലാസൃഷ്ടിയുടെ ആന്തരതലത്തിലേക്ക് കടക്കാനുള്ള വൈദഗ്ധ്യം, വിശ്വസാഹിത്യകൃതികളുടെ പാരായണം കൊണ്ട് സംസ്കാരമാർജ്ജിച്ച ചിത്തവൃത്തികൾ ഇവയുള്ളവനേ നല്ല നിരൂപകനാകാൻ കഴിയൂ. നമ്മുടെ നിരൂപകന്മാരിൽ ഒന്നോ രണ്ടോ പേരൊഴിച്ചാൽ ശേഷമുള്ളവർക്കെല്ലാം ഈ മൂന്നുതലങ്ങളിലും ശൂന്യതയാണുള്ളത്. എങ്കിലും അവർ പത്രങ്ങളുടെയും വാരികകളുടെയും താളുകൾ മെനക്കെടുത്തിക്കൊണ്ടിരിക്കുന്നു. കുറച്ചു കാലം മുൻപ് 'കാളിദാസൻ തൊട്ട് നീലമ്പേരൂർ മധുസൂദനൻ നായർ വരെ' എന്നൊരു കാഴ്ച്ച ഞാൻ കണ്ടതായി ഓർമ്മ. ഇവിടെ ലിറ്ററേച്ചർ ലവ് അല്ല, ഫ്രന്റ് ലവിനാണ് പ്രാധാന്യം. ഈ ഫ്രന്റ് ലവിനെ അദ്ദേഹം ആഴ്ചതോറും പരിപോഷിപ്പിക്കുന്നു. പരിപോഷിപ്പിക്കട്ടെ. എന്നെങ്കിലും എഡിറ്റർ ഇതറിയാതിരിക്കില്ല.

5. നമ്മുടെ താൽക്കാലികമായ വൈകാരികാവസ്ഥയോട് ബന്ധപ്പെട്ടിട്ടാണ് പ്രബന്ധങ്ങൾ (essays) ആസ്വദിക്കപ്പെടുക. എന്നാൽ സമുന്നതങ്ങളായ പ്രബന്ധങ്ങളുടെ ആസ്വാദനത്തിന് ഈ വൈകരികാവസ്ഥ വേണ്ട. മനസ്സ് ഏതു നിലയിലും ഇരിക്കട്ടെ.ആൽഡസ് ഹക്സിലി, ബർട്രൻഡ് റസ്സൽ, വാർഗാസ് യോസ, ഇവരുടെ രചനകളുടെ മഹത്വം നമ്മൾ കണ്ടറിയുന്നതിൽ മനസ്സിന്റെ വൈകാരികാവസ്ഥയ്ക്ക് ഒരു പങ്കുമില്ല. Maurice Blanchot എന്ന നിരൂപകന്റെ നിരൂപണ ഗ്രന്ഥങ്ങൾ ഞാൻ ഏറെ വായിച്ചിട്ടുണ്ട്. ഓരോന്നും നിസ്തുലം, അന്യാദൃശം എന്നേ പറഞ്ഞുകൂട്ടൂ. ഇവരെപ്പോലെ എഴുതുന്നവർ ആരുണ്ട് കേരളത്തിൽ?

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിന് ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിന ഒരാഴ്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിന ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിന ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്ന വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്ക കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക്ക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിന ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്ന (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014